REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 26-03-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **നിയമസഭാ തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാവുന്ന സമയപരിധി ഉച്ചകഴിഞ്ഞ് മൂന്നിന് അവസാനിക്കും.**
- **സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നതിനിടെ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനും കൂടുതൽ ചൂടേറി.**
- **AI സഹായത്തോടെ നിർമ്മിച്ച് 'എക്സ് ' അക്കൗണ്ടു വഴി പ്രചരിപ്പിച്ച വ്യാജ വിഡിയോയ്ക്കെതിരെ കേരള പൊലീസ് കേസെടുത്തു.**
- **പശ്ചിമേഷ്യയിലെ സംഘർഷം എത്രയും പെട്ടെന്ന് അവസാനിപ്പിക്കണമെന്ന് UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്.**
- **പ്രശസ്ത നടനും സംവിധായകനുമായ E.A രാജേന്ദ്രൻ കൊല്ലത്ത് അന്തരിച്ചു.**

## വാർത്തകൾ വിശദമായി

നിയമസഭാ തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രികകൾ പിൻവലിക്കാൻ സമയപരിധി ഉച്ചകഴിഞ്ഞ് മൂന്നിന് അവസാനിക്കും. മത്സര രംഗത്ത് നിന്നും പിന്മാറാൻ ആഗ്രഹിക്കുന്നവർക്ക് ഇതിന് വരണാധികാരികൾക്ക് അപേക്ഷ നൽകാം. നിശ്ചിത സമയം കഴിഞ്ഞാൽ വരണാധികാരികൾ സ്ഥാനാർത്ഥികളുടെ അന്തിമ പട്ടിക തയ്യാറാക്കും. അതിനു ശേഷം സ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നങ്ങളും അനുവദിക്കും. അംഗീകൃത രാഷ്ട്രീയപാർട്ടികളുടെ സ്ഥാനാർത്ഥികൾക്ക് പാർട്ടി ചിഹ്നങ്ങളും,

സ്വതന്ത്ര സ്ഥാനാർഥികൾക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ  നിശ്ചയിച്ച പട്ടികയിലെ ചിഹ്നങ്ങളുമാണ് അനുവദിക്കുന്നത്.

ഇതോടെ തിരഞ്ഞെടുപ്പിലെ മത്സര ചിത്രം വ്യക്തമാകും. 140 മണ്ഡലങ്ങളിൽ 985 സ്ഥാനാർത്ഥികളാണ് ഇപ്പോൾ മത്സരരംഗത്ത്. ഇതുവരെ 14 പേർ മത്സരരംഗത്തു നിന്ന് പിന്മാറിയിട്ടുണ്ട്. ഡമ്മി സ്ഥാനാർത്ഥികളും അപരന്മാരും പത്രിക പിൻവലിക്കുന്നതോടെ മത്സരരംഗത്തെ പ്രമുഖ സ്ഥാനാർത്ഥികൾ ആരൊക്കെയാണെന്ന് വ്യക്തമാകും.

✪✪✪

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നതിനിടെ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനും  കൂടുതൽ ചൂടേറി. മുന്നണിനേതാക്കളും സ്ഥാനാർത്ഥികളും നഗരങ്ങളിലും പ്രധാന കവലകളിലും തിരക്കിട്ട പ്രചാരണ പരിപാടികളിൽ മുഴുകിക്കഴിഞ്ഞു. തിരഞ്ഞെടുപ്പ് പരസ്യപ്രചാരണത്തിന് ഇനി 13 ദിവസം മാത്രമാണ് ശേഷിക്കുന്നത്..

ദേശീയ- സംസ്ഥാന നേതാക്കളുടെ സാന്നിധ്യം സ്ഥാനാർത്ഥികൾക്കും പ്രവർത്തകർക്കും കൂടുതൽ ആവേശം പകരുകയാണ്. ഇന്നലെ UDF ന് വേണ്ടി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയാണ് പ്രചാരണത്തിന് തുടക്കമിട്ടത്.

BJP യുടെ യും NDA യുടെയും പ്രചാരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 29 ന് സംസ്ഥാനത്തെത്തും. തൃശൂരിൽ അന്ന് വൈകിട്ട് പൊതുസമ്മേളനവും റോഡ്ഷോയും ഉണ്ടായിരിക്കുമെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് അറിയിച്ചു, മുന്നണി സ്ഥാനാർത്ഥികളുടെ മണ്ഡല തല പ്രചാരണം പുരോഗമിക്കുകയാണ്.

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന്  എറണാകുളം ജില്ലയിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തി. കോതമംഗലത്തും വൈകീട്ട് തൃപ്പൂണിത്തുറയിലും വൈപ്പിനിലും കളമശ്ശേരിയിലും മുഖ്യമന്ത്രി പ്രചാരണ യോഗങ്ങളിൽ പങ്കെടുക്കും.

✪✪✪

AI സഹായത്തോടെ പ്രധാനമന്ത്രിയെയും, തിരഞ്ഞെടുപ്പ് കമ്മീഷനെയും ഉൾപ്പെടുത്തി നിർമ്മിച്ച് 'എക്സ് ' അക്കൗണ്ടു വഴി പ്രചരിപ്പിച്ച വ്യാജ വിഡിയോയ്ക്കെതിരെ പൊലീസ് കേസെടുത്തു. നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടർമാരെ തെറ്റിദ്ധരിപ്പിക്കുന്നതും അപകീർത്തികരവുമായ വിഡിയോ തിരഞ്ഞെടുപ്പ് കമ്മീഷൻ അധികൃതരാണ് കണ്ടെത്തിയത്. മാതൃകാപെരുമാറ്റച്ചട്ട ലംഘനമുൾപ്പെടെ ബന്ധപ്പെട്ട വ്യവസ്ഥകളുടെ

അടിസ്ഥാനത്തിൽ സൈബർ പൊലീസ് വിഡിയോയുടെ പ്രചാരണം തടയുകയും, 'എക്സിന് ' നോട്ടീസ് നൽകുകയും ചെയ്തു. laxminraju@valiant_raju എന്ന അക്കൗണ്ടിൽ നിന്നാണ് AI നിർമ്മിത വിഡിയോ പങ്കുവെച്ചതെന്ന് തിരുവനന്തപുരത്തെ സെൻട്രൽ പൊലീസ് കണ്ടെത്തി.

വ്യാജ വിഡിയോകൾ വഴി നിർമ്മിക്കുന്നതിൽ നിന്നും, പ്രചരിപ്പിക്കുന്നതിൽ നിന്നും വിട്ടുനിൽക്കണമെന്ന് സൈബർ പൊലീസ് മുന്നറിയിപ്പ് നൽകി. ഇത്തരം പ്രചാരണങ്ങൾ ശരിയാണോ എന്ന് ഔദ്യോഗിക സംവിധാനങ്ങളിലൂടെ പരിശോധിച്ച് സ്ഥിരീകരിക്കണമെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് നിലമ്പൂർ - ഊട്ടി അന്തർസംസ്ഥാന പാതയിൽ സ്പെഷൽ പൊലിസ് ചെക്കുപോസ്റ്റിലെ പരിശോധന ഊർജിതമാക്കി. വഴിക്കടവ് ആനമറിയിൽ സ്ഥാപിച്ച ചെക്കുപോസ്റ്റിലാണ് പരിശോധന കർശനമാക്കിയത്.

✪✪✪

സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ വോട്ടെടുപ്പിന് ഒരുക്കങ്ങൾ ആരംഭിച്ചു. വന്യമൃഗശല്യവും നെറ്റ്വർക്ക് പരിമിതികളും കണക്കിലെടുത്ത് വിപുലമായ സജ്ജീകരണങ്ങളാണ് ഒരുക്കുന്നതെന്ന് അധികൃതർ അറിയിച്ചു.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

........(വോയ്സ്)...............

✪✪✪

പുതുച്ചേരി നിയമസഭാ തിരഞ്ഞെടുപ്പിന് പത്രിക പിൻവലിക്കാൻ ഇന്ന് സമയപരിധി അവസാനിക്കും. 514 നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മപരിശോധനയിൽ ഇന്നലെ സാധുവായി കണ്ടെത്തിയിരുന്നു.

അസം നിയമസഭാ തിരഞ്ഞെടുപ്പിന്റെയും നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. 789 സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശപത്രികകളാണ് സാധുവായത്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്നതിന് അമേരിക്കയുമായി ചർച്ച നടത്തിയിട്ടില്ലെന്ന് ഇറാൻ വെളിപ്പെടുത്തിയതിനു പിന്നാലെ ആഗോള

തലത്തിൽ എണ്ണ വില വീണ്ടും ബാരലിന് 100 ഡോളർ കടന്നു. US -ഇറാൻ സംഘർഷം അവസാനിക്കുമെന്ന അഭ്യൂഹത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ ആഗോളതലത്തിൽ എണ്ണ വിലയിൽ കുറവ് രേഖപ്പെടുത്തിയിരുന്നു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പേരിൽ നടത്തുന്ന വ്യാജ പണപ്പിരിവിനെതിരെ കേന്ദ്രഗവണ്മെന്റ് മുന്നറിയിപ്പ് നൽകി. ജമ്മു കാശ്മീരിലാണ് ഇറാനെ സഹായിക്കാനെന്ന പേരിൽ കൂടുതൽ പണപ്പിരിവ് നടക്കുന്നതെന്നും ഇത്തരം സംഘടനകളുടെ ഉദ്ദേശ്യശുദ്ധിയിൽ ജനങ്ങൾ ജാഗ്രത പുലർത്തണമെന്നും കേന്ദ്ര ഗവണ്മെന്റ് വ്യക്തമാക്കി.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷം എത്രയും പെട്ടെന്ന് അവസാനിപ്പിക്കണമെന്നും യുദ്ധം ഏറ്റവുമധികം ബാധിക്കുന്നതു സാധാരണക്കാരായ ജനങ്ങളെയാണെന്നും UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് മുന്നറിയിപ്പ് നൽകി. യുദ്ധ സാഹചര്യത്തിൽ ഹോർമുസ് കടലിടുക്ക് സ്തംഭിച്ചതിലൂടെ ആഗോളതലത്തിൽ എണ്ണ ലഭ്യതയുടെ കുറവിൽ ആശങ്കയും അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ പങ്കു വെച്ചു .

✪✪✪

രാജ്യത്ത് പെട്രോളിനും ഡീസലിനും ക്ഷാമമില്ലെന്ന് ഇന്ത്യൻ ഓയിൽ കോർപറേഷൻ ആവർത്തിച്ചു വ്യക്തമാക്കി. രാജ്യത്തെ എല്ലാ IOC പമ്പുകളിലും ആവശ്യത്തിന് ഇന്ധനം സ്റ്റോക്കുണ്ടെന്ന് ചെയർമാൻ അരവിന്ദർസിംഗ് സാഹ്നി അറിയിച്ചു.

✪✪✪

ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി മെയ് 14,15 തീയതികളിൽ ബീജിംഗിൽ കൂടിക്കാഴ്ച നടത്താൻ തീരുമാനിച്ചതായി US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചു. ഇറാനിലെ സൈനിക നടപടികളെ തുടർന്ന് നേരത്തെ നിശ്ചയിച്ച കൂടിക്കാഴ്ച മാറ്റിവച്ചിരുന്നു.

✪✪✪

ഇന്ന് രാമനവമി. രാഷ്ട്രപതി ദ്രൗപതി മുർമു വിശ്വാസികൾക്ക് നവമി ആശംസകൾ നേർന്നു. സത്യത്തിന്റെയും, ധർമ്മത്തിന്റെയും അർത്ഥപൂർണമായ ജീവിതത്തിന്റെയും സന്ദേശമാണ് രാമന്റെ ഇതിഹാസം പകർന്നുനൽകുന്നതെന്ന് ദ്രൗപതി മുർമു സന്ദേശത്തിൽ പറഞ്ഞു.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ രണ്ടു ദിവസത്തെ സന്ദർശനത്തിന് ഫ്രാൻസിലേക്ക് തിരിച്ചു. G-7 രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി ഡോ. ജയശങ്കർ ഉഭയകക്ഷി ചർച്ച നടത്തും.

✪✪✪

അടുത്ത പത്ത് വർഷത്തിനുള്ളിൽ കാർബൺ ബഹിർഗമന ശേഷി 47 ശതമാനമായി കുറയ്ക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. കഴിഞ്ഞ മാസം വരെ ഫോസിൽ ഇതര ഇന്ധന ശേഷി 52.57 ശതമാനം കൈവരിച്ചതായി അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ലക്ഷ്യമിട്ടതിനേക്കാളും അഞ്ചു വർഷം മുമ്പേ ഇന്ത്യയ്ക്ക് ലക്ഷ്യം നിറവേറ്റാനായെന്നും അശ്വിനി വൈഷ്ണവ് അറിയിച്ചു.

✪✪✪

ആന്ധ്രാ പ്രദേശിലെ റായവാരത്ത് രാവിലെ ബസും ലോറിയും കൂട്ടിയിടിച്ച് 14 പേർ മരിച്ച സംഭവത്തിൽ പ്രധാനമന്ത്രി അനുശോചിച്ചു. മരിച്ചവരുടെ ബന്ധുക്കൾക്ക് ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ടു ലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചു-

✪✪✪

സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിൽ 12 ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. സാധാരണയേക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില കൂടുമെന്നാണ് അറിയിപ്പ്.

✪✪✪

പാലക്കാട് ജില്ലയിൽ പകൽ താപനില ക്രമതീതമായി ഉയരുന്നു. അതീവ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദ്ദേശം നൽകി.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

....(വോയ്സ്).....

✪✪✪

പ്രശസ്ത നടനും സംവിധായകനുമായ E.A രാജേന്ദ്രൻ കൊല്ലം പട്ടത്താനത്തെ വസതിയിൽ നിര്യാതനായി. പുലർച്ചെയായിരുന്നു 71 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. ഏറെ നാളായി ചികിത്സയിലായിരുന്നു.

നാഷണൽ സ്കൂൾ ഓഫ് ഡ്രാമ, പൂനെ ഫിലിം ഇൻസ്റ്റിറ്റൂട്ട് എന്നിവിടങ്ങളിലായിരുന്നു രാജേന്ദ്രന്റെ പഠനം. കൊല്ലം കാളിദാസ കലാകേന്ദ്രത്തിലൂടെയാണ് നാടക രംഗത്ത് സജീവമായത്. 1987 ൽ, മികച്ച നാടക നടനു നൽകുന്ന സംസ്ഥാന ഗവൺമെന്റ് പുരസ്കാരം നേടി. ജയരാജിന്റെ കളിയാട്ടത്തിലൂടെയാണ് ചലച്ചിത്ര മേഖലയിൽ സജീവമായത്. പ്രണയവർണങ്ങൾ, പട്ടാഭിഷേകം, ദയ തുടങ്ങി നിരവധി ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്.

E.A രാജേന്ദ്രന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

✪✪✪

ഇന്നലെ അന്തരിച്ച പ്രശസ്ത ബാലസാഹിത്യകാരൻ PI ശങ്കരനാരായണന്റെ സംസ്കാരം ഉച്ചയ്ക്ക് കൊച്ചി രവിപുരം ശ്മശാനത്തിൽ നടത്തും. ഇന്നലെ വൈകിട്ടായിരുന്നു 81 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

സാഫ് അണ്ടർ 20 ഫുട്ബാൾ ചാമ്പ്യൻ ഷിപ്പിൽ ഇന്ത്യ ഇന്ന് പാകിസ്താനെ നേരിടും.മാലിയിലാണ് മത്സരം.

✪✪✪

കോഴിക്കോട് ജില്ലയിൽപക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ പക്ഷികളെ കൊല്ലുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി മൃഗസംരക്ഷണ വകുപ്പ് അധികൃതർ അറിയിച്ചു. കോഴികൾ, അലങ്കാര പക്ഷികൾ ഉൾപ്പെടെ 2,670 പക്ഷികളെയാണ് ഇതുവരെ കൊന്നൊടുക്കിയത്.

ഷിഗല്ലയും, പക്ഷിപ്പനിയും റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിൽ ഇന്നലെ വിവിധ വകുപ്പുകളുടെ ഏകോപന യോഗം ചേർന്നു.

✪✪✪

ആലുവയ്ക്കടുത്ത് എടയാറിൽ ഓയിൽ കമ്പനിയിലെ തീപിടുത്തത്തിൽ പൊള്ളലേറ്റ് അതിഥി തൊഴിലാളി മരിച്ചു. തീപിടിച്ച ബോയിലർ നിർത്താൻ ശ്രമിക്കുന്നതിനിടെ ഗുരുതരമായ പൊള്ളലേറ്റാണ് മരണം. ബിനാനിപുരം പോലിസ് തുടർനടപടി സ്വീകരിച്ചു.

✪✪✪

---

*News Editor വി കെ സുരേഷ്*
*News Reader: മണികണ്ഠൻ*
*News Team: അനിൽ ചന്ദ്രൻ, ജാസ്മി, DEO : ഷീബ*